# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 502. 06.02.2013 ൽ മറുപടിയ്ക്ക്

### മൊഫ്യൂസിൽ സ്റ്റാൻഡിലെ ട്രിപ്പു മുടക്കുന്ന ബസ്സുകൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) കോഴിക്കോട് മൊ ഫ്യൂസിൽ ബസ്സ് സ്റ്റാന്റിൽ നിന്നും രാത്രി 9.00 മണിക്ക് ശേഷം വടകര, തലശ്ശേരി, കണ്ണൂർ ഭാഗങ്ങളിലേക്ക് പോകുന്ന സ്വകാര്യ ട്രാൻസ്പോർട്ട് ബസ്സുകൾ ഏതെല്ലാം; പ്രസ്തുത ബസ്സ് റൂട്ടുകൾ കോഴിക്കോട് സ്റ്റാന്റിൽ നിന്ന് പുറപ്പെടേണ്ട സമയം എപ്പോഴാണെന്ന് വ്യക്തമാക്കുമോ; ബസ്സിന്റെ പേരും നമ്പരും വ്യക്തമാക്കുമോ ; | (എ) | കോഴിക്കോട് മൊഫ്യൂസിൽ സ്റ്റാന്റിൽ നിന്നും രാത്രി 09-00 മണിക്ക് ശേഷം വടകര, തലശ്ശേരി,കണ്ണൂർ ഭാഗങ്ങളിലേക്ക് പോകുന്ന സ്വകാര്യ ട്രാൻസ്പോർട്ട് ബസ്സുകൾ താഴെ പറയുന്നവയാണ്.<br>KL-58-D-7677- കണ്ണൂർ 08.58.PM<br>KL-13-W-9718-പറശ്ശിനിക്കടവ് 09.25.PM<br>KL-13-T-9369-പറശ്ശിനിക്കടവ് 09.45.PM<br>KL-13-U-8199-കണ്ണൂർ 10-10 PM<br>KL-13-S-6399-കണ്ണൂർ 11-43 PM<br>KL-13-V- 2244-പറശ്ശിനിക്കടവ് 12.25.PM |
| (ബി) രാത്രികാലങ്ങളിൽ കണ്ണൂർ ഭാഗത്തേക്ക് പോകേണ്ട സ്വകാര്യ ട്രാൻസ്പോർട്ട് ബസ്സുകൾ രാത്രി സമയത്ത് ട്രിപ്പ് മുടക്കുന്നതും, ട്രിപ്പ് എടുക്കാതിരിക്കുന്നതും കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) ട്രിപ്പ് കട്ട് ചെയ്യുന്ന ബസ്സുടമകൾക്കെതിരെ നിയമ പരമായി സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാം; പൊതുജനങ്ങളിൽ നിന്നോ പൊതുപ്രവർത്തകരിൽ നിന്നോ ഇത്തരം പരാതി ലഭിച്ചാൽ പരാതിയിന്മേൽ എത്ര ദിവസത്തിനകം മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | പിഴ ഈടാക്കുക, പെർമിറ്റ് റദ്ദാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നല്കുക എന്നീ നടപടികൾ നിയമപരമായി സ്വീകരിക്കാവുന്നതാണ്. പൊതുജനങ്ങളിൽ നിന്നോ, പൊതുപ്രവർത്തകരിൽ നിന്നോ കിട്ടുന്ന പരാതിയിൽ വിശദമായ നിരീക്ഷണം നടത്തി, കേസ്സുകൾ രജിസ്റ്റർ ചെയ്ത് /റിപ്പോർട്ട് തയ്യാറാക്കി കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിക്കും. |

| | | | |
|---|---|---|---|
| (ഡി) | കോഴിക്കോട് ബസ് സ്റ്റാന്റിൽ ട്രിപ്പ് കട്ട് ചെയ്യുന്ന ബസ്സുകളെ സംബന്ധിച്ച് മിന്നൽ പരിശോധന നടത്താൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | ബസ് സ്റ്റാന്റിൽ ട്രിപ്പ് കട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്നതിനനുസരിച്ചും പരാതിയുടെ അടിസ്ഥാനത്തിലും പരിശോധനകൾ നടത്തി കർശന നടപടികൾ കൈക്കൊള്ളാറുണ്ട്. |
| (ഇ) | പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഗതാഗത മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ട്രാഫിക് പോലീസിന് നിയമപരമായി എന്തെങ്കിലും അധികാരങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഇ) | പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഗതാഗത മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ട്രാഫിക് പോലീസിന് മോട്ടോർ വെഹിക്കിൾ ആക്റ്റ് പ്രകാരം നടപടിയെടുക്കുവാൻ അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ.